**"ഭരണഭാഷ മാതൃഭാഷ"**

നം.എസ് 3(ബി) 48814/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി :06.07.2017.

പ്രേഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
എല്ലാ ജില്ലകളും.

സർ,

വിഷയം:- ഡി.പി.ഐ.- ആറാം പ്രവൃത്തിദിന വിവരശേഖരണം - അപാകതകൾ പരിഹരിക്കുന്നതിന് സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കിയിരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നുള്ള അഭ്യർത്ഥന അനുസരിച്ച്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2017-18 അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനം അടിസ്ഥാനമാക്കി കുട്ടികളുടെ കണക്കുകൾ സമ്പൂർണ്ണയിൽ രേഖപ്പെടുത്തിയപ്പോൾ ചില അപാകതകൾ സ്കൂളുകൾക്ക് പറ്റിയിട്ടുള്ളതായി സൂചന പ്രകാരം വിവിധ സ്കൂളുകളിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപാകതകൾ പരിഹരിക്കുന്നതിന് ഒരു അവസരം കൂടി **07.07.2017 മുതൽ 11.07.2017 വരെ** സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കുന്നതാണ്. .

1. സ്കൂളുകളിൽ ആറാം പ്രവൃത്തിദിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികളുടെ ആകെ എണ്ണത്തിൽ യാതൊരുവിധ മാറ്റവും വരുത്താതെയാണ് അപാകതകൾ പരിഹരിക്കേണ്ടത്.
2. തെറ്റുകൾ തിരുത്തിയതിനു ശേഷം പ്രസ്തുത വിവരം സ്കൂൾ അധികൃതർ എ.ഇ.ഒ/ഡി.ഇ.ഒ. തലത്തിൽ റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്.
3. 2017-18 അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ സ്കൂളുകൾക്ക് പറ്റിയ അപാകതകൾ പരിഹരിക്കുന്നതിന് ഇനി ഒരു അവസരം നൽകുന്നതല്ല.

ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി അപാകതകൾ പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി. @ സ്കൂൾ,
ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന),
എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന).